അബ്ദുല്ലത്വീഫ് കൊടുവള്ളി

# ‘നായകളും ഒരു സമുദായമാണ്’

عَن عَبْدالله بْن مُغفَل عَنِ النَّبِيّ صَلَّى اللهُ عليه وسلَّمَ قَال: لَولَا أَنَّ الكِلابَ أُمَّةٌ مِنَ الأُمَمِ
لَأمَرْتُ بِقتْلِها ، فَاقتُلُوا كُلَّ أَسْودَ بهِيمٍ / الكلب العقور

**അബ്ദുല്ലാഹിബ്നു മുഗഫ്ഫൽ(റ) നബി(സ)യിൽനിന്ന് ഉദ്ധരിക്കുന്നു: ‘നായകൾ സമുദായങ്ങളിൽ ഒരു സമുദായമായിരുന്നില്ലെങ്കിൽ അവയെ കൊല്ലാൻ ഞാൻ തീർച്ചയായും കൽപിക്കുമായിരുന്നു. അതിനാൽ കരിങ്കറുപ്പുള്ള എല്ലാറ്റിനെയും നിങ്ങൾ കൊന്നു കളയുക’ (മറ്റൊരു റിപ്പോർട്ടിൽ) ‘കടിയൻ നായയെയും.’ (തിർമിദി 1486, അബൂദാവൂദ് 2845, നസാഈ 4280, ഇബ്നു മാജ 3205. അൽബാനി സ്വഹീഹെന്ന് സാക്ഷ്യപ്പെടുത്തിയത്).**

അല്ലാഹുവിന്റെ അനേകം കോടി ജീവിവർഗങ്ങളിൽ ഒന്നാണ് നായ. എല്ലാ ജീവിവർഗങ്ങളും സമുദായങ്ങളാണെന്നാണ് ഖുർആന്റെ പ്രഖ്യാപനം: ‘ഭൂമിയിലെ ഏതൊരു ജന്തുവും ചിറകുകൾ കൊണ്ട് പറക്കുന്ന ഏതൊരു പക്ഷിയും നിങ്ങളെപ്പോലുള്ള ചില സമുദായങ്ങൾ മാത്രമാകുന്നു. ഗ്രന്ഥത്തിൽ നാം യാതൊന്നും വീഴ്ചവരുത്തിയിട്ടില്ല. പിന്നീട് തങ്ങളുടെ രക്ഷിതാവിങ്കലേക്ക് അവർ ഒരുമിച്ചു കൂട്ടപ്പെടുന്നതാകുന്നു’ (*അൽഅൻആം* 38). ജീവികൾ സമുദായങ്ങളാണ്. അതുകൊണ്ടുതന്നെ അവയെക്കുറിച്ച് മൗലികമായ അറിവുകൾ നൽകുക എന്നത് ഖുർആനെ സംബന്ധിച്ചേടത്തോളം പ്രധാനമാണ്, മരണാനന്തരം അവയും ഒരുമിച്ചു കൂട്ടപ്പെടുന്നതാണ് (*സ്വഫ്വത്തുത്തഫാസീർ*). ജീവികളുടെ പ്രകൃതിയും ധർമവും സഞ്ചാര രീതികളും മറ്റും വ്യത്യസ്തമാണ്. ‘എല്ലാ ജന്തുക്കളെയും അല്ലാഹു വെള്ളത്തിൽനിന്ന് സൃഷ്ടിച്ചിരിക്കുന്നു. അവയുടെ കൂട്ടത്തിൽ ഉദരത്തിന്മേൽ ഇഴഞ്ഞുനടക്കുന്നവയുണ്ട്. രണ്ടു കാലുകളിൽ നടക്കുന്നവരും അവരിലുണ്ട്. അവയിൽ നാലു കാലുകളിൽ നടക്കുന്നവയുമുണ്ട്. അല്ലാഹു താൻ ഉദ്ദേശിക്കുന്നത് സൃഷ്ടിക്കുന്നു. തീർച്ചയായും അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു’ (*അന്നൂർ* 45).

ഓരോ ജീവിവർഗത്തെയും സവിശേഷമായ ലക്ഷ്യത്തോടെയാണ് അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത്. അതോടൊപ്പം ഓരോ ജീവിയും ഇതര ജീവിവർഗങ്ങളുമായി ചേർന്ന് പാരിസ്ഥിതിക ഘടന സന്തുലിതമായി നിലനിൽക്കാൻ സഹായിക്കുന്നു. ഒരു യന്ത്രത്തിൽ നൂറു ഘടകങ്ങളുണ്ടെങ്കിൽ അവയോരോന്നും സ്വന്തം നിലയിൽ ഉപയോഗ ക്ഷമമായാൽ പോരാ, മറ്റുള്ളവയുമായി പൊരുത്തപ്പെടുന്ന വിധത്തിലുമാവണം. ‘സൃഷ്ടിച്ച ശേഷം ലക്ഷ്യം നിർണയിക്കുകയല്ല, ലക്ഷ്യം നിർണയിച്ച ശേഷം സൃഷ്ടിക്കുകയാണ് അല്ലാഹുവിന്റെ രീതി’ എന്ന, ഇമാം സമഖ്ശരിയുടെ നിരീക്ഷണം ശ്രദ്ധേയമാണ്. ഈ അർഥത്തിൽ നായകൾ സ്വന്തം നിലയിലും മറ്റുള്ളവയുമായി പാരസ്പര്യത്തിലും തങ്ങളുടേതായ ധർമങ്ങൾ നിർവ

> **“എല്ലാ ജീവിവർഗങ്ങളെയും പോലെ നായകൾക്കും അല്ലാഹുവിനാൽ ചുമതലപ്പെടുത്തപ്പെട്ട ദൗത്യങ്ങളുണ്ട്. അവയിൽ ചിലത് നമുക്ക് മനസ്സിലായെന്ന് വരാം. പലതും മനസ്സിലായിക്കൊള്ളണമെന്നില്ല. എല്ലാ ജീവികളുടെയും സാമുദായികാസ്തിത്വം സത്യവിശ്വാസികൾ അംഗീകരിച്ചു കൊടുക്കണം. അവയെ അവയുടെ ദൗത്യം നിർവഹിക്കാൻ അനുവദിക്കണം. അതിന് വിഘാതം സൃഷ്ടിക്കുന്നത് പ്രകൃതിവിരുദ്ധമാണ്, ഫസാദാണ്.**

ഹിക്കുന്നുണ്ടെന്ന് മനസ്സിലാക്കണം.

സവിശേഷമായ ഉത്തരവാദിത്വം നിർവഹിക്കുമ്പോഴാണ് ഒരു ജീവിവർഗം 'ഉമ്മത്താ'വുന്നത്. ഉദാഹരണമായി, മുസ്‌ലിംകൾ ഉമ്മത്താവുന്നത് നന്മ കൽപിക്കുക, തിന്മ വിരോധിക്കുക എന്ന സവിശേഷമായ ദൗത്യം ഏറ്റെടുക്കുമ്പോഴാണ്. ഇബ്റാഹീം നബി ഏക വ്യക്തിയായിരുന്നുവെങ്കിലും സ്വന്തമായൊരു ദൗത്യം ഏറ്റെടുത്തപ്പോൾ അദ്ദേഹം ഒരു ഉമ്മത്തായി. (*അന്നഹ്ൽ* 120).

എല്ലാ ജീവിവർഗങ്ങളെയും പോലെ നായകൾക്കും അല്ലാഹുവിനാൽ ചുമതലപ്പെടുത്തപ്പെട്ട ദൗത്യങ്ങളുണ്ട്. അവയിൽ ചിലത് നമുക്ക് മനസ്സിലായെന്ന് വരാം. പലതും മനസ്സിലായിക്കൊള്ളണമെന്നില്ല. എല്ലാ ജീവികളുടെയും സാമുദായികാസ്തിത്വം സത്യവിശ്വാസികൾ അംഗീകരിച്ചു കൊടുക്കണം. അവയെ അവയുടെ ദൗത്യം നിർവഹിക്കാൻ അനുവദിക്കണം. അതിന് വിഘാതം സൃഷ്ടിക്കുന്നത് പ്രകൃതിവിരുദ്ധമാണ്, ഫസാദാണ്.

നബി(സ)യും സ്വഹാബികളും ഈ വസ്തുത അക്ഷരാർഥത്തിൽ മനസ്സിലാക്കുകയും നടപ്പാക്കുകയും ചെയ്തിരുന്നു. ഇസ്‌ലാമിക നാഗരികതയിലും സംസ്കാരത്തിലും ഇത് സ്ഥാപിക്കുന്ന ധാരാളം തെളിവുകളുണ്ട്. ഇമാം ഇബ്നു കസീർ *അൽഫാതിഹ* 2, *അൽഅൻആം* 38 സൂക്തങ്ങളുടെ വിശദീകരണത്തിൽ, വെട്ടുകിളികളെ കാണാതിരുന്നതിനാൽ ഖലീഫാ ഉമർ ആശങ്ക പ്രകടിപ്പിച്ചുവെന്നും, അവ ജീവിച്ചിരിപ്പുണ്ടോ എന്നറിയാനായി ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയെന്നും ജീവനോടെ ഹാജറാക്കിയപ്പോൾ 'അല്ലാഹു അക്ബർ, അല്ലാഹു അക്ബർ' എന്ന് പറഞ്ഞതായും രേഖപ്പെടുത്തിയത് കാണാം. പ്രളയ ശേഷം ജീവികളുടെ തുടർച്ച ഉറപ്പുവരുത്താനായി, അല്ലാഹു നൂഹ് നബിയോട് 'എല്ലാ ജീവികളിൽനിന്നും രണ്ട് ഇണകളെ കപ്പലിൽ കയറ്റാൻ കൽപിച്ചതും (*ഹൂദ്* 40) ഈ സമുദായ സംരക്ഷണത്തിന്റെ ഭാഗമാണ്.

മദീനാ ജീവിതത്തിന്റെ ആദ്യഘട്ടത്തിൽ നബി(സ) നായകളെ വധിക്കാൻ കൽപിച്ചിരുന്നു. മരുഭൂമിയിൽനിന്ന് മദീനയിലേക്ക് വന്നിരുന്ന സ്ത്രീകൾ സുരക്ഷക്കായി കൂടെ കൂട്ടിയിരുന്ന നായ്ക്കളെ ഞങ്ങൾ കൊന്നിരുന്നു എന്ന് ജാബിറുബ്നു അബ്ദില്ലാ(റ) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പിന്നീട്, കണ്ണുകൾക്ക് മീതെ രണ്ടു വെള്ളപ്പുള്ളികളുള്ള കരിങ്കറുപ്പുള്ളവയെയും ഭ്രാന്തുള്ളവയെയും ഒഴിച്ച് കൊല്ലരുതെന്ന് ഉത്തരവായി.

മദീനയിൽ കണ്ടുവന്നിരുന്ന കരിങ്കറുപ്പ് നിറമുള്ള നായകളെ കൊല്ലണമെന്ന നിർദേശം പിന്നീട് പ്രാബല്യത്തിലില്ലെന്നും ഭ്രാന്തോ ആപൽക്കരമായ പെരുമാറ്റങ്ങളോ ഉള്ളതിനെയല്ലാതെ കൊല്ലരുതെന്നും പ്രഗത്ഭ പണ്ഡിതന്മാരായ ഇബ്നു മുഫ്‌ലിഹ് *അൽഫുറൂഇ* (10/416) ലും, ഇസ്സുബ്നു അബ്ദിസ്സലാം *ബാബു ബയ്ഇൽ കിലാബി വഗയ്‌രിഹാ*യിലും, ഇമാം നവവി *മജ്മൂഇ* (9/235)ലും വ്യക്തമാക്കിയിട്ടുണ്ട്.

അനിവാര്യ സാഹചര്യങ്ങളിലെ ഇളവുകൾ ഉപയോഗപ്പെടുത്തി നായകളെ വധിക്കുമ്പോഴും വിവിധ ജീവിവർഗങ്ങൾ തമ്മിൽ നിലനിൽക്കുന്ന ഇഴമുറിയാത്ത പാരസ്പര്യം സത്യവിശ്വാസികൾ മറന്നുകൂടാത്തതാണ്. ●

80863 60835